ഗൈഡ് ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി

7 (1987) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാത്രികാലങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിന് തീരദേശത്ത് ഗൈഡ് ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) വർക്കല നിയോജകമണ്ഡലത്തിലെ വെട്ടൂർ, ചിലക്കൂർ, കുരങ്ങണി, ഇടവ എന്നീ പ്രദേശങ്ങളിൽ ഗൈഡ് ലൈറ്റുകൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഗൈഡ് ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടവയിൽ ഗൈഡ് ലൈറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. വെട്ടൂരിൽ 1999-2000-ൽ ഗൈഡ് ലൈറ്റ് സ്ഥാപിക്കണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

കോട്ടക്കടവ് റോഡ് ഫിഷറീസ് റോഡുകളിൽ ഉൾപ്പെടുത്താൻ നടപടി

8 (1988) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പയ്യോളി പഞ്ചായത്തിലെ കോട്ടക്കടവ് റോഡ് ഫിഷറീസ് റോഡുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത റോഡിന്റെ പണി പൂർത്തിയാക്കാൻ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചത് എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത റോഡിന്റെ പണി പൂർത്തിയാക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 3.55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്.

(ഡി) റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly